കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കൈപ്പമംഗലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി3)1939/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

ഫോൺ: 0487 – 2331249

തീയതി. 22.11.2016

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

കൈപ്പമംഗലം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കൈപ്പമംഗലം ഗ്രാമ പഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-26, 3-31 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത്

എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്

നം കെ എസ് എ.ടി.എസ്.ആർ.(പി3)1939/16 തിയ്യതി: 22.11.2016

## തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.1.2016 മുതൽ 22.10.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള 31.3.2016 വരെയുള്ളപണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നിലനിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/രേഖകൾ/വിവരങ്ങൾ/വിശദീകരണം എന്നിവയുടെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ.യു.ചേക്കുട്ടി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.10.2016 മുതൽ 31.10.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സുനിൽദത്ത്.എം.ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീ.സിനിലാൽ.എം.ജി. അസിസ്റ്റന്റ് ഓഡിറ്റ് |

| | |
|---|---|
| | ഓഫീസർ |
| | ശ്രീമതി.സുമിത.ടി.എസ് അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.നിജു, ഓഡിറ്റർ |

## നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | 01.04.15-31.10.15 | അനിതാബാബു |
| | 01.11.15 – 18.11.15 | അഡ്ഹോക്ക് കമ്മിറ്റി |
| | 19.11.15-31.03.16 | ടി.വി.സുരേഷ്ബാബു. |

## സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ

| | | |
|---|---|---|
| ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | 1.4.15-31.10.15 | താജുദ്ദീൻ |
| | 19.11.15- 31.3.16 | കദീജ,പുതിയവീട്ടിൽ |
| ക്ഷേമ കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | 1.4.15-31.10.15 | മുഹമ്മദാലി പുഴങ്കരയില്ലത്ത്, |
| | 19.11.15--31.3.16 | അഖിലവേണി, കുറ്റിക്കാട്ട് |
| വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | 1.4.15-31.10.15 | മണി ഉല്ലാസ് |
| | 19.11.15-31.3.16 | പ്രണവ്.എൻ.എസ്. |
| ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | 1.4.15-31.10.15 | ജാൻസി റാഫേൽ |
| | 19.11.15-31.03.16 | ജിസനി ഷാജി |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| സെക്രട്ടറി | 1.4.15-29.7.15 | രാമദാസ്.കെ.എസ്, |
| | 30.7.15-26.1.16 | ഷാഹുൽഹമീദ്, |
| | 27.1.16-31.3.16 | റെജിപോൾ, |

| | | |
|---|---|---|
| കൃഷി ഓഫീസർ | 1.4.15-29.7.15 | വിജയൻ.കെ.കെ, |
| | 29.7.15-1.12.15FN | ഫ്രാൻസി പരമേശ്വർ |
| | 1.12.15-31.3.16AN | അനിലാ മാത്യു. |
| അസിസ്റ്റന്റ് എഞ്ചിനീയർ | 1.4.15-31.3.16 | ഇക്ബാൽ.പി.എ, |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 1.4.15-31.03.16 | ഡോ.വിധു ഗംഗാധരൻ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1.4.15-22.6.15 | ഡോ. ശ്രീജിത്ത് |
| | 26.6.15-31.3.16 | ഡോ.ഗീത |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 1.4.15-31.3.16 | ഡോ.സുമയ്യ |
| വെറ്ററിനറി സർജൻ | 1.4.15-12.8.15 | ഡോ.ബിന്ദു. |
| | 12.8.15-31.3.16 | ഡോ.സിൽവൻ |
| പ്രധാനാധ്യാപിക | 1.4.15-31.3.16 | റഹീമാബി |
| വി.ഇ.ഒ-കുരിക്കുഴി | 1.4.15-31.01.16 | പ്രജിത പ്രകാശ്.പി. |
| വി.ഇ.ഒ., കയ്പമംഗലം,ചളിങ്ങാട്. | 01.04.15-31.3.16 | ബാബു.ഇ.എസ്. |
| അസിസ്റ്റന്റ് സെക്രട്ടറി | 1.4.15-19.08.15 | രാമദാസ്.കെ.എസ്, |
| | 20.08.15-21.08.15 | ഒഴിവ് |
| | 22.08.15-31.3.16 | റെജിപോൾ, |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 1.4.15-31.3.16 | ഗീത. വി.എൻ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1.4.15-31.3.16 | പ്രശാന്ത്. |


**ഉള്ളടക്കം**

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |

| | | |
|---|---|---|
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം. | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമപദ്ധതികൾ | 1(8) |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |
| 10 | ആഭ്യന്തര നിയന്ത്രണം | 1(10) |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(11) |

ഭാഗം-II

വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഖണ്ഡിക നമ്പർ | ഇനം |
|---|---|---|
| 1 | 2-1 | സേവന ഉപനികുതി ചുമത്തുന്നതിനുള്ള സാദ്ധ്യത പരിശോധിക്കേണ്ടതാണ്. |
| 2 | 2-2 | ഡി ആന്റ് ഒ- തൊഴിൽ നികുതി റിട്ടേൺ നൽകാൻ നോട്ടീസ് നൽകണം |
| 3 | 2-3 | സമയബന്ധിതമായി ലേലം നടത്താൻ നടപടി സ്വീകരിക്കണം |
| 4 | 2-4 | വാടക ഈടാക്കുന്നതിന് ബൈലോ തയ്യാറാക്കിയിട്ടില്ല |
| 5 | 2-5 | വസ്തുനികുതി അപാകതകൾ |

ഭാഗം-III

ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | രേഖകൾ ഇല്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3(1) |
| 2 | ജനറേറ്ററിന് ലോഗ് ബുക്ക് സൂക്ഷിക്കുന്നില്ല. | 3(2) |
| 3 | തെരുവ് വിളക്കുകൾ വാങ്ങലും അറ്റകുറ്റപ്പണിയും -ഗ്യാരണ്ടി പിരീഡ് കണക്കിലെടുക്കുന്നില്ല. | 3(3) |
| 4 | അസാധാരണ ചെലവ് സംബന്ധിച്ച രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. | 3(4) |
| 5 | പഞ്ചായത്ത് ബാലവാടി- ഭക്ഷണ സാധനങ്ങൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യം ഇല്ല | 3(5) |

| | | |
|---|---|---|
| 6 | പെൻഷൻ നൽകുന്നതിൽ കാലതാമസം | 3(6) |
| 7 | ഫിഷറീസ് ഇൻസ്പെക്ടർ നടപ്പിലാക്കിയ പദ്ധതികൾ -രേഖകൾ ഹാജരാക്കിയിട്ടില്ല. | 3(7) |
| 8 | ഹോമിയോ മരുന്ന് വാങ്ങൽ -കരാർ വച്ചിട്ടില്ല.മരുന്ന് കൃത്യ സമയത്ത് ലഭ്യമാകുന്നില്ല. | 3(8) |
| 9 | കന്നുകുട്ടി പരിപാലന പദ്ധതി -വിനിയോഗ സാക്ഷ്യപത്രംലഭ്യമാക്കേണ്ടതാണ്. | 3(9) |
| 10 | ആട്ടുവളർത്തൽ പദ്ധതി -പദ്ധതി പ്രകാരം അംഗീകാരം നേടാത്ത പ്രവൃത്തികൾ നടത്തി. | 3(10) |
| 11 | പെയിൻ&പാലിയേറ്റീവ് അടവാക്കിയ തുകക്കുള്ള മരുന്ന മുഴുവൻ ലഭ്യമായിട്ടില്ല. | 3(11) |
| 12 | ഭവന പുനരുദ്ധാരണം ജനറൽ-പൂർത്തീകരിച്ചിട്ടില്ല. | 3(12) |
| 13 | ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 3(13) |
| 14 | സാനിറ്ററി യൂണിറ്റ്-ശുചിത്വ മിഷൻ ഫണ്ട് ലഭ്യമായില്ല. തനത് ഫണ്ടിന് അധിക ബാദ്ധ്യത | 3(14) |
| 15 | ഓട്ടോറിക്ഷ വാങ്ങി നൽകൽ -അപാകതകൾ | 3(15) |
| 16 | എസ് സി ഭവനനിർമ്മാണം -പൂർത്തീകരിച്ചിട്ടില്ല. | 3(16) |
| 17 | ഭവന പുനരുദ്ധാരണം -സബ്സിഡി മാർഗ്ഗരേഖ ഉത്തരവിന് വിരുദ്ധമായി 3 വർഷം മാത്രം കാലപ്പഴക്കം ഉള്ള വീടിന് ധനസഹായം നൽകി. | 3(17) |
| 18 | വിദേശത്ത് ജോലിയുള്ള വ്യക്തിക്ക് ഭവന പുനരുദ്ധാരണത്തിന് സബ്സിഡി നൽകി | 3(18) |
| 19 | ഭിന്നശേഷിയുള്ളവർക്ക് മുച്ചക്ര വാഹനം -വാഹനം വാങ്ങിയതിന്റെ രേഖകൾ ഇല്ല. | 3(19) |
| 20 | സ്ഥലം വാങ്ങൽ-നിലം വാങ്ങിയതിന് ധനസഹായം നൽകി | 3(20) |
| 21 | പഞ്ചായത്ത് ഓഫീസ് നവീകരണം-അപാകതകൾ | 3(21) |
| 22 | വിനിയോഗ/നിരാക്ഷേപ സാക്ഷ്യപത്രം ഇല്ല | 3(22) |
| 23 | ബാലസഭാ സംഗമം-രേഖകൾ ലഭ്യമാക്കിയിട്ടില്ല. | 3(23) |
| 24 | ടി.എച്ച്.ആർ.എസ്.ഭക്ഷ്യധാന്യ വിതരണം-അംഗൻവാടിയുടെ സ്റ്റോക്ക് രജിസ്റ്ററുമായി പൊരുത്തപ്പെടാത്തത് സംബന്ധിച്ച്. | 3(24) |
| 25 | ജാഗ്രതാ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കണം. | 3(25) |
| 26 | അംഗൻവാടികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കണം-ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. | 3(26) |
| 27 | കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികൾ-നടത്തിപ്പിലെ അപാകതകൾ | 3(27) |
| 28 | കാർഷിക യന്ത്രവൽക്കരണം.-പദ്ധതി ലക്ഷ്യം നേടിയില്ല. | 3(28) |

| | | |
|---|---|---|
| 29 | മാരാമത്ത് പണികളുടെ ബില്ലിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല | 3(29) |
| 30 | എസ്.എസ്.എ വിഹിതം നൽകൽ -അപാകതകൾ | 3(30) |
| 31 | പദ്ധതികളുടെ പരിശോധനയിൽ കണ്ട പൊതു അപാകതകൾ | 3(31) |
| 32 | ആസ്തികളുടെ പരിപാലനത്തിലെ അപാകതകൾ | 3(32) |

ഭാഗം-IV

ഓഡിറ്റ് പ്രത്യ വലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4(8) |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(9) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 25/03/2016 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/07/16 | 23/07/16 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധന-അപാകതകൾ

നാളിതുവരെയുള്ള ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷത്തിൽ നടത്തിയ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് ഒരു സ്റ്റോക്ക് റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

വസ്തു നികുതി, തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ, ഡി&ഒ ലൈസൻസ്, ബിൽഡിംഗ് പെർമിറ്റ് എന്നിവ ഉൾപ്പെടെയുള്ള ഒരു വരവിനങ്ങളുടെയും രജിസ്റ്ററുകളോ ഡി.സി.ബി. പത്രികയോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

വായ്പാ തിരിച്ചടവ് രജിസ്റ്റർ പ്രകാരം 4600975 രൂപ വർഷാവസാനത്തിൽ തിരിച്ചടവാക്കാനുള്ളതായി കാണുന്നു. എന്നാൽ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് B16- ഷെഡ്യൂൾ പ്രകാരം 3143166 രൂപ തിരിച്ചടവാക്കാനുള്ളതായിട്ടാണ് രേഖപ്പെടുത്തി കാണുന്നത്.

RP – 10ൽ ഓഡിറ്റ് റിക്കവറി ഇനത്തിൽ 6420 രൂപ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് ഓഡിറ്റ് സമയത്ത് എൻക്വയറികൾ നൽകിയത് പ്രകാരം ഈടാക്കിയ തുകയാണ്. (റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള നഷ്ടമല്ല.)

*(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)*

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് -23559352

വരവ് -43643134

ആകെ -67202486

ചെലവ് -61100836

നീക്കിയിരിപ്പ്-6101650

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 5848018 | *6893457 | 12741475 | 11265956 (T.C=1139019) | 0 | 88.4 |
| വികസനഫണ്ട് എസ്.സി.പി. | **4825688 | 4686875 | 9512563 | 6267673 (T.C=3244890) | 0 | 65.89 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 110498 | 6916302 | 7026800 | 7026800 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1026608 | 2325101 | 3351709 | 3351709 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 604917 | 5519186 | 6124103 | 5541649 (T.C=582454) | 0 | 90.48 |
| പെർഫോമൻസ് ഗ്രാന്റ് | 3375003 | 2907681 | 6282684 | 3216571 (T.C=3066113) | 0 | 51.2 |
| എം.എൻ.ആർ. ഇ.ജി.എസ്. | | 14447786 | 14447786 | 14443685 | 4101 | 99.97 |
| ബി ഫണ്ട് | | 26217836 | 26217836 | 26217836 | 0 | 100 |

*ജനറൽ വിഭാഗം വികസന ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത സംഖ്യ 6893457 രൂപയാണ്,(SCP-3244890+CFC-582454+KLGSDP-3066113=6893457)

**ACR പ്രകാരം SCPയുടെ മുന്നിരിപ്പ് 4325688 രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ 4825688 രൂപയാണ്. 500000 രൂപയുടെ വ്യത്യാസം കാണുന്നുണ്ട്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 175 | 83000131 | 130 | 45672894 | 12 | 33 | 74.28% |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 9.12 % കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5517196 | 5188710 | -328486 | -5.95 |
| നികുതിയേതര വരവുകൾ | 456866 | 1272147 | +815281 | +178.45 |

| | | | | |
|---|---|---|---|---|
| മറ്റുവരവുകൾ | 13718258 | 11436369 | -2281889 | -16.63 |
| ആകെ | 19692320 | 17897226 | -1795094 | -9.12 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 202080 | 139 |
| കർഷകതൊഴിലാളി പെൻഷൻ | 2045520 | 295 |
| വിധവാപെൻഷൻ | 10954200 | 1259 |
| വാർദ്ധക്യകാലപെൻഷൻ | 9725550 | 1395 |
| വികലാംഗപെൻഷൻ | 2894990 | 353 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.10.2016 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11599/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

### 1-10 ആഭ്യന്തരനിയന്ത്രണം.

തൃപ്തികരം

### 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10/06/16 | സെപ്റ്റംബർ 2016 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17/11/2003മുതൽ 3/12/2003 വരെ | 1997-98 TO 2002-03 | 22.04.2004 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സേവന ഉപനികുതി ചുമത്തുന്നതിനുള്ള സാദ്ധ്യത പരിശോധിക്കേണ്ടതാണ്.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും ചട്ടങ്ങൾ) ചട്ടം 26 പ്രകാരം ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന് പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജല വിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമ പഞ്ചായത്തിന് നിശ്ചിത നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. പഞ്ചായത്ത് 2015-16 സാമ്പത്തിക വർഷം മേൽ സേവനങ്ങൾക്കായി തുക ചെലവഴിച്ചിട്ടുണ്ട്. തനത് വരുമാനം കുറഞ്ഞ പഞ്ചായത്തിനെ സംബന്ധിച്ച് സേവന ഉപനികുതി ചുമത്താവുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## 2-2 ഡി ആന്റ് ഒ- തൊഴിൽ നികുതി റിട്ടേൺ നൽകാൻ നോട്ടീസ് നൽകണം

പുതിയതായി ഡി ആന്റ് ഒ ലൈസൻസ് എടുക്കുമ്പോൾ 60 ദിവസത്തെ സ്ഥാപന നിരീക്ഷണ ശേഷം തൊഴിൽ നികുതി റിട്ടേൺ നൽകാൻ നോട്ടീസ് നൽകുകയും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-3 സമയബന്ധിതമായി ലേലം നടത്താൻ നടപടി സ്വീകരിക്കണം

താഴെ കൊടുത്തിരിക്കുന്ന പ്രകാരമുള്ള വസ്തുവകകൾ ലേലം ചെയ്യപ്പെടാതെ കിടക്കുന്നതായി കണ്ടെത്തി

1.ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് മീറ്റിംഗ് ഹാളിൽ നിന്നു നീക്കം ചെയ്ത, കേടുപാടുകൾ സംഭവിക്കാത്ത കുഷ്യനോടുകൂടിയ വുഡൻ ചെയറുകളും ടേബിളുകളും, ഡോറും പഞ്ചായത്തിനോടു ചേർന്ന പഞ്ചായത്തുടമസ്ഥതയിലുള്ള രാജീവ് ഗാന്ധി കല്യാണമണ്ഡപത്തിനുള്ളിൽ കൂട്ടിയിട്ടിരിക്കുന്നു.

2.പഞ്ചായത്തുടമസ്ഥതയിലുള്ള പ്രിയദർശിനി കമ്യൂണിറ്റി ഹാളിന്റെ വരാന്തയിൽ പ്ലാസ്റ്റിക് ടേബിളുകളും ചെയറുകളും വിൻഡോ, ഡോർ, നീളത്തിലുള്ള മെറ്റാലിക് ടേബിൾ എന്നിവ ഉപയോഗശൂന്യമായി കിടക്കുന്നു.

3.പഞ്ചായത്ത് ലൈബ്രറിയിൽ പഴയ പത്ര-മാസികകൾ ലേലം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നു.





26.10.16 ലെ 11-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം ലേലം ചെയ്യേണ്ട വസ്തുക്കളുടെ സ്റ്റോക്കെടുത്ത് ലേലം ചെയ്യുന്നതിനു തീരുമാനിച്ചിട്ടുണ്ട്. തീരുമാനം നടപ്പിലാക്കി ലേലത്തുക പഞ്ചായത്തു ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

## 2-4 വാടക ഈടാക്കുന്നതിന് ബൈലോ തയ്യാറാക്കിയിട്ടില്ല

പഞ്ചായത്തിന് 12 കടമുറികൾ, പ്രിയദർശിനി കമ്യൂണിറ്റി ഹാൾ, രാജീവ് ഗാന്ധി കല്യാണമണ്ഡപം എന്നിവയിൽ നിന്നായി വാടകയിനത്തിൽ വരുമാനം ലഭിക്കുന്നുണ്ട്. എന്നാൽ ഇന്നേ വരെ ബൈലോ തയ്യാറാക്കാതെയാണ് വാടക പിരിക്കുന്നത്. അപേക്ഷകളിൽ ഏതു ഹാളിനാണ് ബുക്ക് ചെയ്യുന്നതെന്ന് രേഖപ്പെടുത്തിയിട്ടില്ല. 2015-16 വർഷത്തിൽ പ്രിയദർശിനി കമ്യൂണിറ്റി ഹാൾ, രാജീവ് ഗാന്ധി കല്യാണമണ്ഡപം എന്നിവയിൽ നിന്നായി

3 മണിക്കൂർ 500/-രൂപ, 6 മണിക്കൂർ-500/-രൂപ, 600/-രൂപ, 12 മണിക്കൂർ-1500/-രൂപ, 2000/-രൂപ, 24 മണിക്കൂർ-3000/-രൂപ എന്നിങ്ങനെ നിരക്കുകൾ ഈടാക്കിയതായി കാണുന്നു. എന്നാൽ 16-17ൽ 22.2.16ലെ കമ്മിറ്റി 6(1) നമ്പർ തീരുമാനപ്രകാരം കടമുറി വാടക ഏപ്രിൽ മുതൽ നിലവിലുള്ള നിരക്കിന്റെ 5% വർദ്ധിപ്പിച്ചിട്ടുണ്ട്. 6(2) തീരുമാനപ്രകാരം പ്രിയദർശിനി കമ്യൂണിറ്റി ഹാൾ വാടക 7500/-, 6(3) തീരുമാനപ്രകാരം മറ്റു വകുപ്പ് പരിപാടികൾക്ക് ഉച്ചഭക്ഷണം ഇല്ലാതെ 1000/-രൂപ, ഉച്ചഭക്ഷണം ഉണ്ടെങ്കിൽ 2000/-രൂപ, രാജീവ് ഗാന്ധി കല്യാണമണ്ഡപത്തിന് 2500/-രൂപ എന്നിങ്ങനെ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ 27.4.16ന് ബുക്ക് ചെയ്തു 14.5.16ന് 4 മണിക്കൂറായി നടത്തിയ എൻഗേജ്മെന്റ് പ്രോഗ്രാമിന് 4000/- രൂപ ഈടാക്കിയ മാനദണ്ഡം ശരിയുമല്ല. പഞ്ചായത്ത് ഡയറക്ടർ അംഗീകാരത്തോടെ ബൈലോ തയ്യാറാക്കി അതു പ്രകാരം വാടക പിരിക്കുവാൻ ഇനി മുതൽ ശ്രദ്ധിക്കേണ്ടതാണ്.

## 2-5 വസ്തു നികുതി നമ്പർ നൽകിയതിലെ അപാകതകൾ

വസ്തു നികുതി ഫയലുകൾ പരിശോധിച്ചതിൽ റഗുലറൈസ് ചെയ്തു നമ്പർ നൽകിയ 3 ഫയലുകളിൽ ഓവർസിയർ റിപ്പോർട്ട് ചെയ്ത അപാകത പരിഹരിക്കാതെ നമ്പർ നൽകിയിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | അപാകത | റിമാർക്സ് |
|---|---|---|---|
| 1 | മുഹമ്മദലി, പുഴങ്കരയില്ലത്ത്<br>ഫയൽ നമ്പർ-എ5-833/15 | ഗ്രൂപ്പ് എഫ് ഒക്യുപ്പൻസിയിൽ വരുന്ന കെട്ടിടത്തിന് ടോയ് ലറ്റ് സൗകര്യം ഇല്ല. | ടിയാന്റെ സഹോദരന്റെ വീടിനോട് ചേർന്നുള്ള ടോയ് ലറ്റ് ഉപയോഗിക്കുവാൻ അനുവദിക്കും എന്ന സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ |
| 2 | ജോഷി,കുറ്റിക്കാട്ട്<br>ഫയൽ നമ്പർ-എ2-2413/15 | ഗ്രൂപ്പ് എഫ് ഒക്യുപ്പൻസിയിൽ വരുന്ന കെട്ടിടത്തിന് ടോയ് ലറ്റ് സൌകര്യം ഇല്ല. | 3 മാസത്തിനുള്ളിൽ പണിയും എന്ന സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ. എന്നാൽ പണിതതിന്റെ പരിശോധന പിന്നീട് നടത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| 3 | തോമസ്,ചാലിശ്ശേരി | കെട്ടിട നിർമ്മാണ ചട്ടത്തിലെ ചട്ടം 133&27(2) പാലിക്കുന്നില്ല. | നമ്പർ നൽകി. |

അപാകതകൾ കൃത്യമായി പരിഹരിക്കാതെ നമ്പർ നൽകിയതിന് വിശദീകരണം ആവശ്യമാണ്.

# ഭാഗം-3

## ചെലവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 രേഖകൾ ഇല്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു

താഴെ ചേർക്കുന്ന ചെലവുകൾ അവയ്ക്ക് ആധാരമായ രേഖകൾ ഹാജരാക്കാത്തതിനാൽ തടസ്സത്തിൽ വയ്ക്കുന്നു (36725/-).

| ബിൽ നമ്പർ | ചെലവ് ഇനം | നൽകിയ തുക | റിമാർക്സ് |
|---|---|---|---|
| 362/21.8.2015 | ജി.എം.എൽ.പി സ്കൂളിന്റെ 18 മാസത്തെ വാടക കുടിശ്ശിക | 25920/- | വാടകക്ക് നൽകിയ വ്യക്തിയുടെ കൈപ്പറ്റ് രസീത് ഇല്ല. |
| 257/21.7.15 | അംഗൻവാടിയുടെ അടുത്തുള്ള ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 10805/- | വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| | ആകെ | 36725/- | |

## 3-2 ജനറേറ്ററിന് ലോഗ് ബുക്ക് സൂക്ഷിക്കുന്നില്ല.

പഞ്ചായത്തിൽ ഉള്ള ജനറേറ്ററിന് ഇന്ധനം വാങ്ങിയതിന് തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ജനറേറ്ററിന് ലോഗ് ബുക്ക് സൂക്ഷിച്ചിട്ടില്ല. കൂടാതെ ഇന്ധന ക്ഷമത എത്രയാണ് എന്നതും പരിശോധനക്ക് വിധേയമാക്കിയിട്ടില്ല. ഇന്ധന ക്ഷമത സാക്ഷ്യപ്പെടുത്തി ലോഗ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ്.

## 3-3 വഴി വിളക്കുകൾ വാങ്ങലും അറ്റകുറ്റപ്പണിയും -ഗ്യാരണ്ടി പിരീഡ് കണക്കിലെടുക്കുന്നില്ല.

പദ്ധതി നമ്പർ - 84/16

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി
അടങ്കൽ – 7,00,000/-

പ്രസ്തുത പദ്ധതി പ്രകാരം ക്രൂസിൽ നിന്ന് തെരുവ് വിളക്കുകൾ വാങ്ങുകയും എ.എം.സി എടുത്ത കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. ക്രൂസ് തെരുവ് വിളക്കുകൾക്ക് 15 മാസ ഗ്യാരണ്ടി നൽകുന്നുണ്ട് (ബിൽ പ്രകാരം). എന്നാൽ എ.എം.സി. എടുത്ത കരാറുകാരൻ സമർപ്പിച്ച ബില്ലുകൾ പരിശോധിച്ചതിൽ ഏകദേശം 3 മാസ കാലയളവിനുള്ളിൽ സി.എഫ്.എൽ. ബൾബുകൾ മാറ്റിയിടുന്നതായി കാണുകയുണ്ടായി. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

പോസ്റ്റ് നമ്പർ – WSN7/2, GLR-34/12, KPO23/7, 28.4.15ൽ സി.എഫ്.എൽ. ബൾബുകൾ മാറ്റിയിട്ട മേൽ പോസ്റ്റുകളിൽ 9.7.15 നം അവ മാറ്റിയിട്ടുണ്ട്. അതായത് 3 മാസത്തിനുള്ളിൽ അവ കേടുവന്നു എന്നത് വ്യക്തമാണ്. 15 മാസ ഗ്യാരണ്ടി ഉള്ള സി.എഫ്.എൽ. ബൾബുകൾ മാറ്റി വാങ്ങിയതായി സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടില്ല. കരാറുകാരന് തെരുവ് വിളക്ക് ഉപകരണങ്ങൾ നൽകുമ്പോൾ തിരിച്ചു കൊണ്ടുവരുന്നവയുടെ ഗ്യാരണ്ടി പരിശോധിച്ച് കാലാവധി കഴിയാത്തവയാണെങ്കിൽ മാറ്റി വാങ്ങാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 അസാധാരണ ചെലവ് സംബന്ധിച്ച രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം അസാധാരണ ചെലവുകൾ നടത്തുവാൻ അനുവദനീയമായ ഇനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മുൻവർഷത്തെ മിച്ചഫണ്ടിന്റെ 20% (പരമാവധി 1 ലക്ഷം രൂപ) ആണ് അസാധാരണ ചെലവ് പരിധി. പഞ്ചായത്ത് അസാധാരണ ചെലവ് സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇതിൽ ചെലവാക്കിയ തുക, പഞ്ചായത്ത് തീരുമാനം നമ്പർ, തിയ്യതി, ആകെ ചെലവ് തുക എന്നിവ രേഖപ്പെടുത്തണം. ചെലവഴിച്ച തുകയുടെ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിന്റെ തനത് ഫണ്ട് ചെലവുകൾ പരിശോധിച്ചതിൽ അസാധാരണ ചെലവിനങ്ങൾക്ക് തുക ചെലവഴിക്കുന്നുണ്ടെങ്കിലും ഇത് സംബന്ധിച്ച രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. രജിസ്റ്റർ എഴുതി ആധികാരികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 3-5 പഞ്ചായത്ത് ബാലവാടി- ഭക്ഷണ സാധനങ്ങൾ സൂക്ഷിക്കുന്നതിനുള്ള സൌകര്യം ഇല്ല

പഞ്ചായത്ത് വക ബാലവാടിയിൽ 28.10.2016ൽ നടത്തിയ ഭൗതിക പരിശോധനയിൽ ഭക്ഷണ സാധനങ്ങൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യം ഇല്ലാത്തതായി കാണുകയുണ്ടായി. ഭക്ഷണ സാധനങ്ങൾ കേട്ടു വരാതെ സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 പെൻഷൻ നൽകുന്നതിൽ കാലതാമസം

പെൻഷൻ അപേക്ഷകൾ പരിശോധിച്ചതിൽ പെൻഷൻ നൽകുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി കാണുന്നു. വിശദാംശം താഴെ ചേർക്കുന്നു.

| പേര്/വിലാസം | പെൻഷൻ ഇനം | അപേക്ഷ തിയതി | അനുവദിച്ച തിയതി | കാല താമസം |
|---|---|---|---|---|
| ഐഷാബി. സി.എ., കളത്തിങ്ങപ്പറമ്പിൽ | വിധവ പെൻഷൻ | 1.7.15 | 17.12.15 | 5മാസം |
| കമലം .ടി.വി, ഐനിക്കുന്നത്ത് | വിധവ പെൻഷൻ | 1.7.15 | 17.12.15 | 5മാസം |
| ബേബി, മാമ്പറമ്പത്ത് | വിധവ പെൻഷൻ | 1.2.16 | 16.7.16 | 5മാസം |
| ഫാത്തിമ, തോട്ടുപറമ്പത്ത് | വികലാംഗ പെൻഷൻ | 5.2.16 | 8.8.16 | 6മാസം |
| സുലൈമാൻ, മുന്നാക്കപറമ്പിൽ | വികലാംഗ പെൻഷൻ | 8.3.16 | 8.8.16 | 5മാസം |

പെൻഷൻ കാലതാമസം കൂടാതെ നൽകുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 ഫിഷറീസ് ഇൻസ്പെക്ടർ നടപ്പിലാക്കിയ പദ്ധതികൾ -രേഖകൾ ഹാജരാക്കിയിട്ടില്ല.

1. പദ്ധതി നമ്പർ-0042/16 (മത്സ്യത്തൊഴിലാളികൾക്ക് വല നൽകൽ)

ബിൽ നമ്പർ-1/15-16/22.3.16-80000/-രൂപ പ്രസ്തുത പദ്ധതി പ്രകാരം 20 മത്സ്യത്തൊഴിലാളികൾക്ക് വ്യാസ സ്റ്റോർ മുഖേന വല വാങ്ങി നൽകുവാനാണ് ലക്ഷ്യമിട്ടത്. പ്ലാൻ ഫണ്ടിൽ നിന്ന് 80,000/- രൂപയും ഗുണഭോക്തൃ വിഹിതം 40,000/- രൂപയും വ്യാസാ സ്റ്റോറിന് നൽകുവാൻ ഡിഡി എടുത്തിട്ടുണ്ട്. എന്നാൽ വല വാങ്ങിയതിന്റെ രേഖകൾ ഫയലിൽ ഇല്ല. ആയതിനാൽ ചെലവ് തുക 80,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2. പദ്ധതി നമ്പർ-0165/16 (മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠനോപകരണങ്ങൾ)

ഡിഡി നമ്പർ-712663/29.3.16-224280/-രൂപ

മോഡേൺ ഇൻഡസ്ട്രീസ് പറവൂർ എന്ന സ്ഥാപനത്തിൽ നിന്നും 2,24,280/- രൂപയ്ക്ക് ഫർണീച്ചർ വാങ്ങി. കൈപ്പറ്റ് രസീത് ഉണ്ട്. എന്നാൽ സ്ഥാപനത്തിന്റെ ബിൽ ഇല്ല.

## 3-8 ഹോമിയോ മരുന്ന് വാങ്ങൽ -കരാർ വച്ചിട്ടില്ല.മരുന്ന് കൃത്യ സമയത്ത് ലഭ്യമാകുന്നില്ല.

പ്രോജക്ട് നം. s00 49/15

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹോമിയോ മെഡിക്കൽ ഓഫീസർ

തുക – 1,00,000/-

ബിൽ നം. തീ. 1/2015-16 / 19.3.2016.

മേൽ പ്രോജക്ട് പ്രകാരം ഹോമിയോ ആശുപത്രിയിലേക്കാവശ്യമായ മരുന്നുകൾ ഡി.ഡി.നം. 712123/19.3.2016 പ്രകാരം (ഇൻവോയ്സ് നം.LF.652/25.9.2016) കേരള സ്റ്റേറ്റ് ഹോമിയോപ്പതി കോ-ഓപ്പറേറ്റീവ് ഫാർമസിയിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ ഡിപ്പാർട്ട്മെന്റിൽ നിന്നും ആയതിന്റെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. 19.3.16ന് തുക കൈമാറിയിട്ടുണ്ടെങ്കിലും മരുന്ന് ലഭിച്ചിരിക്കുന്നത് 6.10.16നാണ്. കരാർ വച്ചിട്ടില്ല. മരുന്ന് ലഭിക്കുവാൻ വൈകുന്നത് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. ഭാവിയിൽ കരാർ വയ്ക്കുന്നതിനും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷം മാത്രം മരുന്ന് വാങ്ങുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-9 കന്നുകുട്ടി പരിപാലന പദ്ധതി -വിനിയോഗ സാക്ഷ്യപത്രംലഭ്യമാക്കേണ്ടതാണ്.

പദ്ധതി നമ്പർ-0010/16

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ

അടങ്കൽ-12,50,000/-

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതിയിൽ തീറ്റ വിതരണം നടത്തിയ നാൾവഴി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ തീറ്റ നിലവിൽ വാങ്ങുന്നില്ല എന്ന് കാണുകയുണ്ടായി. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമനമ്പർ | ഗുണഭോക്താവിന്റെപേര് / മേൽവിലാസം | കൈപ്പറ്റിയ സബ്സിഡി തുക |
|---|---|---|

| | | |
|---|---|---|
| 1 | ലെനിസ കാരയിൽ | 1020/- |
| 2 | സുരേന്ദ്രൻ, പുത്തൂര് | 510/- |
| 3 | തങ്കം കുറുപ്പത്ത് | 2040/- |

6250/- രൂപയാണ് ഒരു ഗുണഭോക്താവിന് പ്ലാൻ ഫണ്ടിൽ നിന്ന് നൽകുന്ന സബ്സിഡി തുക. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം വാങ്ങേണ്ടതും ചെലവഴിക്കാത്ത തുക തിരികെ കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതുമാണ്.

## 3-10 ആട്ടുവളർത്തൽ പദ്ധതി -പദ്ധതി പ്രകാരം അംഗീകാരം നേടാത്ത പ്രവൃത്തികൾ നടത്തി.

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ

പദ്ധതി നമ്പർ – 0019/16 (ജനറൽ) & 0020/16 (എസ്.സി)

അടങ്കൽ-14400000/- & 210000/-

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ആട്ടുവളർത്തൽ പദ്ധതികൾ പ്രകാരം 5000/-രൂപയാണ് ഒരു ആടിന്റെ യൂണിറ്റ് കോസ്റ്റ് ആയി നിശ്ചയിച്ചിരുന്നത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ 4500/- രൂപയ്ക്ക് ഒരു ആടിനെ ലഭിച്ചിട്ടുണ്ട്. പദ്ധതിയിൽ അനുവാദം വാങ്ങാത്ത വിര മരുന്ന്, ഇൻഷുറൻസ്, ട്രാൻസ്പോർട്ടേഷൻ എന്നിവക്കായി 500/-രൂപ വീതം (ഒരു ആടിന് എന്ന കണക്കിന്) ചെലഴിച്ചു. 2250/-രൂപ ഒന്നിന് പദ്ധതി വിഹിതം പിൻവലിക്കേണ്ടതിനു പകരം 2500/- രൂപ പിൻവലിച്ചു. വിശദാംശം താഴെ ചേർക്കുന്നു.

| ജനറൽ | | എസ്.സി. | |
|---|---|---|---|
| പ്ലാൻഫണ്ട് | ഗുണഭോക്തൃ വിഹിതം | പ്ലാൻഫണ്ട് | ഗുണഭോക്തൃ വിഹിതം |
| ബിൽ നമ്പർ- 11/15-16/-122500/- 8/15-16-115000/- ആകെ-237500/- | 237500/- | ബിൽ നമ്പർ- 8/15-16-45000/- 6/15-16-90000/- | 45000/- |

ജനറൽ വിഭാഗത്തിന് 2500/- രൂപ നിരക്കിൽ 95പേർക്ക് 2,37,500/-രൂപയും എസ്.സി വിഭാഗത്തിന് 2,500/- രൂപ നിരക്കിൽ 36 പേർക്ക് 1,35,000/- രൂപയും പിൻവലിച്ചു. 4,500/- രൂപ ആണ് ഒരു ആടിന്റെ വില നൽകിയിരിക്കുന്നത്. അംഗീകാരം നേടിയ പദ്ധതികൾ പ്രകാരം വിര മരുന്ന്, ഇൻഷുറൻസ് എന്നിവ ഗുണഭോക്താക്കൾ സ്വയം വഹിക്കേണ്ടതാണ്. 2,250/- രൂപ നിരക്കിൽ 131 ആടിന് പിൻവലിക്കേണ്ടിയിരുന്നത് 2,94,750/- രൂപ ആയിരുന്നു. പിൻവലിച്ച ആകെ തുക (2500/-രൂ നിരക്കിൽ) 3,27,500/-രൂപയാണ്. ആകെ 32,750/-രൂപ അധികം പിൻവലിച്ചു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി

നമ്പർ-6/26.10.16) പദ്ധതിയുടെ അവസാന ഘട്ടത്തിലാണ് തുക (ഒന്നിന് 500/-രൂ കുറവ് ചെയ്തു) കുറവ് ചെയ്തു തന്നതെന്നും ആയതിനാലാണ് കുറവ് ചെയ്ത് തന്ന തുക മരുന്ന്, ഇൻഷുറൻസ് എന്നിവയ്ക്ക് ചെലവഴിച്ചതെന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി മാർഗ്ഗരേഖ ഉത്തരവ് പ്രകാരം അംഗീകാരം നേടാത്ത പ്രവർത്തികൾ ഏറ്റെടുക്കുവാൻ പാടില്ല എന്നതിനാൽ അധികം ചെലവ് ചെയ്ത തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (32750/-).

# 3-11 പെയിൻ&പാലിയേറ്റീവ് അടവാക്കിയ തുകക്കുള്ള മരുന്നു മുഴുവൻ ലഭ്യമായിട്ടില്ല.

പദ്ധതി നമ്പർ-0045/16

അടങ്കൽ -450000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ

പെയിൻ & പാലിയേറ്റീവ് പദ്ധതിക്കായി മരുന്ന് വാങ്ങുന്നതിന് 84950/-രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ അടവാക്കിയിരുന്നു. വിശദാംശം താഴെ ചേർക്കുന്നു.

| ഡി.ഡി.നമ്പർ | തുക |
|---|---|
| 353221 | 50000/- |
| 353222 | 20000/- |
| 353223 | 14950/- |
| ആകെ | 84950/- |

ഇൻവോയ്സുകൾ പരിശോധിച്ചതിൽ 58,861/- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കി 26,089/-രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല. കൂടാതെ മരുന്ന് ലഭ്യമാകുന്നതിന് കാലതാമസം ഉണ്ടാകുന്നതായും കാണുന്നു. മരുന്ന് കാലതാമസം കൂടാതെ ലഭ്യമാകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 3-12 ഭവന പുനരുദ്ധാരണം ജനറൽ-പൂർത്തീകരിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ-വി.ഇ.ഒ. കൈപ്പമംഗലം

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥൻ ആയി നടപ്പിലാക്കിയ ഭവന പുനരുദ്ധാരണം പദ്ധതിയിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ഒരു ഗഡു തുക കൈപ്പറ്റിയ ശേഷം നാളിതുവരെ ഭവന പുനരുദ്ധാരണ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|
| ഉമ്മർ, പുതിയവീട്ടിൽ, കുരിക്കുഴി | 10000/- |
| പുഷ്പാവതി, പറപറമ്പിൽ, മനക്കപ്പാടം | 10000/- |

ഭവന പുനരുദ്ധാരണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-13 ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

പദ്ധതി നമ്പർ-0030/16

നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ. കുരിക്കുഴി

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥൻ ആയി നടപ്പിലാക്കിയ ഭവന നിർമ്മാണം (ജനറൽ) പദ്ധതിയിൽ താഴെ പറയുന്ന ഗുണഭോക്താവ് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|
| അജിത കുഞ്ഞിരാമൻ, കൈതവളപ്പിൽ | 80000/- |

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-14 സാനിറ്ററി യൂണിറ്റ്-ശുചിത്വ മിഷൻ ഫണ്ട് ലഭ്യമായില്ല. തനത് ഫണ്ടിന് അധിക ബാദ്ധ്യത

പദ്ധതി നമ്പർ-0033/16

നിർവ്വഹണ ഉദ്യോഗസ്ഥൻ-വി.ഇ.ഒ.

അടങ്കൽ-400000/-

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥൻ ആയി നടപ്പിലാക്കിയ സാനിറ്ററി യൂണിറ്റ് എന്ന പദ്ധതിക്കായി ശുചിത്വ മിഷൻ ഫണ്ട് വകയിരുത്തിയിരുന്നുവെങ്കിലും ശുചിത്വ മിഷൻ ഫണ്ട് ലഭിക്കാതിരുന്നതിനാൽ പ്രൊജക്റ്റ് റിവൈസ് ചെയ്യുകയും തനത് ഫണ്ടിൽ നിന്ന് മൊത്തം തുകയും വകയിരുത്തേണ്ടതായി വന്നു. എന്നാൽ ബ്ലോക്ക് തലത്തിൽ തയ്യാറാക്കിയ ഗുണഭോക്താക്കൾക്ക് മാത്രമേ ശുചിത്വ മിഷൻ ഫണ്ട് ലഭിക്കുകയുള്ളൂ എന്ന് അറിയിച്ചതിനാൽ (ഗ്രാമസഭ തെരഞ്ഞെടുത്ത ഗുണഭോക്താക്കൾ ബ്ലോക്ക് തലത്തിൽ തയ്യാറാക്കിയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല) ഫണ്ട് നൽകിയില്ല. പഞ്ചായത്തിന് തനത് ഫണ്ട് വളരെ കുറവ് ആണ്. ഈ സാഹചര്യത്തിൽ ശുചിത്വ മിഷനുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-15 ഓട്ടോറിക്ഷ വാങ്ങി നൽകൽ -അപാകതകൾ

പദ്ധതി നമ്പർ-129/16

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

പ്രസ്തുത പദ്ധതി പ്രകാരം 8 പേർക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിനായി (വായ്പ ബന്ധിത പദ്ധതി) ബാങ്കിലേക്ക് തുകകൾ കൈമാറിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ഗുണഭോക്തൃ ലിസ്റ്റ്, കരാർ എന്നിവ ഇല്ല. കൂടാതെ ഫയലുകളിൽ പല രേഖകളും ഇല്ല. വിശദാംശം താഴെ

ചേർക്കുന്നു.

| ഗുണ ഭോക്താവിന്റെ പേര് | ഹാജരാക്കാത്ത രേഖകൾ |
|---|---|
| രവീന്ദ്രൻ, ചന്ദ്രപുരക്കൽ | ബ്ലോക്ക് സെക്രട്ടറി, പട്ടികജാതി വികസന ഓഫീസർ എന്നിവരുടെ നിരാക്ഷേപ സാക്ഷ്യപത്രം |
| ദാസൻ തോട്ടുപറമ്പത്ത് | ബ്ലോക്ക് സെക്രട്ടറിയുടെ നിരാക്ഷേപ സാക്ഷ്യപത്രം |
| സലീഷ്.കെ.എസ്. | ബ്ലോക്ക് സെക്രട്ടറി, പട്ടികജാതി വികസന ഓഫീസർ, വി.ഇ.ഒ., പട്ടികജാതി വികസന കോർപ്പറേഷൻ എന്നിവരുടെ നിരാക്ഷേപ സാക്ഷ്യപത്രം |
| റിജി ലാൽ | ബ്ലോക്ക് സെക്രട്ടറി, പട്ടികജാതി വികസന ഓഫീസർ, വി.ഇ.ഒ. എന്നിവരുടെ നിരാക്ഷേപ സാക്ഷ്യപത്രം, വാഹനം രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ |
| സജീവ്.പി.ഡി. | ബ്ലോക്ക് സെക്രട്ടറി, വി.ഇ.ഒ. എന്നിവരുടെ നിരാക്ഷേപ സാക്ഷ്യപത്രം, വാഹനം രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ |
| അജേഷ്, തുത്തുണത്ത് | ബ്ലോക്ക് സെക്രട്ടറി, പട്ടികജാതി വികസന ഓഫീസർ എന്നിവരുടെ നിരാക്ഷേപ സാക്ഷ്യപത്രം |
| പുരുഷോത്തമൻ, കാട്ടാംപുള്ളിവീട് | വാഹനം രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ |

മേൽ രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 4,00,000/- രൂപ തടസ്സത്തിൽ വക്കുന്നു.

# 3-16 എസ് സി ഭവനനിർമ്മാണം -പൂർത്തീകരിച്ചിട്ടില്ല.

പദ്ധതി നമ്പർ – 0034/16

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.സെക്രട്ടറി

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ എസ്.സി. ഭവനനിർമ്മാണ പദ്ധതിയിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|

| | | |
|---|---|---|
| 1 | ഷാജി,<br>കോലാട്ടപ്പുരക്കൽ, | 120000/- |
| 2 | ബേബി കണ്ടാരൻ,<br>തോട്ടപുറത്ത് | 210000/- |
| 3 | നിധിൻ മോഹൻ,<br>തൃപ്പുണത്ത്, കയ്യമംഗലം | 210000/- |
| 4 | ശാരദ കുഞ്ഞിരാമൻ,<br>തൃപ്പുണത്ത്, ക്കരിക്കഴി | 210000/- |

ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-17 ഭവന പുനരുദ്ധാരണം -സബ്സിഡി മാർഗ്ഗരേഖ ഉത്തരവിന് വിരുദ്ധമായി 3 വർഷം മാത്രം കാലപ്പഴക്കം ഉള്ള വീടിന് ധനസഹായം നൽകി.

പദ്ധതി നമ്പർ – 35/16

ഡിഡി നമ്പർ – 353112/5.4.10-15,000/-

711998/18.3.16 – 10,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് പ്രകാരം 6 വർഷത്തിലധികം കാലപ്പഴക്കം ഉള്ള വീടുകൾക്ക് മാത്രമേ ഭവന പുനരുദ്ധാരണത്തിന്/ധനസഹായം നൽകാവൂ. ഇതിനു വിരുദ്ധമായി സെക്രട്ടറിയുടെ എ – ലെ സാക്ഷ്യപത്രം പ്രകാരം 6-ാം വാർഡ് 294 & 5-ാം വാർഡ് 48 എന്നീ നമ്പറുകൾ ഉള്ള 3 വർഷം മാത്രം കാലപ്പഴക്കം ഉള്ള വീടിന് 25,000/-രൂപ ധനസഹായം നൽകി. സബ്സിഡി മാർഗ്ഗരേഖ ഉത്തരവിന് വിരുദ്ധമായി നടത്തിയ പ്രസ്തുത ചെലവ് നിരാകരിക്കുന്നു.(ഓഡിറ്റ് എൻക്വയറി നമ്പർ – 10/28.10.16)

## 3-18 വിദേശത്ത് ജോലിയുള്ള വ്യക്തിക്ക് ഭവന പുനരുദ്ധാരണത്തിന് സബ്സിഡി നൽകി

പദ്ധതി നമ്പർ-35/16

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

ഡിഡി നമ്പർ – 712002/19.3.16 ₹25000/-

ശ്രീ.സി.എസ്.സത്യൻ, ചിരട്ടപ്പുരക്കൽ എന്ന വ്യക്തിയുടെ റേഷൻ കാർഡ് നമ്പർ 1845038423 പ്രകാരം ടിയാന് വിദേശത്താണ് ജോലി. സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് പ്രകാരം വിദേശത്ത് ജോലിയുള്ള ആളെ ബി.പി.എൽ. ആയി കണക്കാക്കാൻ ആകില്ല.

ആയതിനാൽ ടിയാന് നൽകിയ തുക തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ10/28.10.16)

## 3-19 ഭിന്നശേഷിയുള്ളവർക്ക് മുച്ചക്ര വാഹനം -വാഹനം വാങ്ങിയതിന്റെ രേഖകൾ ഇല്ല.

പദ്ധതി നമ്പർ-130/16

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസി.സെക്രട്ടറി

ബിൽ നമ്പർ-30/15-16 – 204000/-
03.03.16

മേൽ പദ്ധതി പ്രകാരം 3 പേർക്ക് ത്രീ വീലർ സ്കൂട്ടർ വാങ്ങി വിതരണം നടത്തിയിട്ടുണ്ടെങ്കിലും വാഹനം വാങ്ങിയതിന്റെ യാതൊരു രേഖയും (ടെണ്ടർ, ബിൽ മുതലായവ) ഫയലിൽ ഇല്ല. ആയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.(204000/-രൂ)

## 3-20 സ്ഥലം വാങ്ങൽ-നിലം വാങ്ങിയതിന് ധനസഹായം നൽകി

പദ്ധതി നമ്പർ-37/16

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസി.സെക്രട്ടറി
ഡി.ഡി.നം. 709103/28.12.15

പ്രജീഷ്, അന്തിക്കാട്ട് എന്ന വ്യക്തിക്ക് സ്ഥലം വാങ്ങലിന് ധനസഹായം നൽകി. ഫയൽ പരിശോധിച്ചതിൽ കൈപ്പമംഗലം വില്ലേജിൽ 508/2 സർവ്വേയിൽ ഉൾപ്പെട്ടിട്ടുള്ള കല്ലിപറമ്പിൽ ഹൈദ്രോസ് മകൻ ഉമ്മർ, പൊന്നാത്ത് കുഞ്ഞിമുഹമ്മദ് മകൻ ഖാലിദ് എന്നിവരുടെ ഉടമസ്ഥതയിൽ ഉള്ള ഭൂമിയാണ് വാങ്ങിയത്. നം.735/15/28.11.15ലെ വില്ലേജ് ഓഫീസറുടെ കത്ത് പ്രകാരം മേൽ ഭൂമിയുടെ തരം നിലം ആണ്. ഡി.ഡി. നമ്പർ 710059/29.1.16ന് ശ്രീ.ഖാലിദ് ഭൂമി നൽകിയതിന്റെ വില കൈപ്പറ്റിയിട്ടുണ്ട്. താമസാവശ്യത്തിന് ആണ് ഭൂമി വാങ്ങുവാൻ ധനസഹായം നൽകുന്നതെന്നിരിക്കെ നിലവിൽ വീട് വയ്ക്കുവാൻ പോലും നിലത്തിന് പെർമ്മിറ്റ് അനുവദിക്കാത്ത സാഹചര്യത്തിൽ നിലം കാറ്റഗറിയിൽ പെട്ട ഭൂമി വാങ്ങുവാൻ ധനസഹായം നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-21 പഞ്ചായത്ത് ഓഫീസ് നവീകരണം-അപാകതകൾ

1.റാക്കുകൾ വാങ്ങിയത് ഉപയോഗപ്പെടുത്തിയിട്ടില്ല.

പദ്ധതി നമ്പർ – 154/16

അടങ്കൽ – 29,00,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

മേൽ പദ്ധതി ഐ.എസ്.ഒ.സർട്ടിഫിക്കേഷന്റെ ഭാഗമായി നടപ്പിലാക്കിയതാണ്. ഫയലുകളുടെ സൂക്ഷിപ്പിനായി വാങ്ങിയ റാക്കുകൾ ഉപയോഗപ്പെടുത്താതെ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട്. സിഡ്കോയിൽ നിന്നും വാങ്ങിയ റാക്കിന് ഒരു യൂണിറ്റിന് 1,30,000/-രൂപയാണ് വില. (ഇൻവോയ്സ് നം. SMCTV LA/15-16/0071/10.10.15). റാക്കുകൾ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.



2.കബോർഡുകൾ വാങ്ങിയത്-ലോക്ക്,ഹാൻഡിൽ ഇല്ല.

പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ മുറിയിലേക്ക് വാങ്ങിയ കബോർഡുകൾക്ക് ലോക്ക്, ഹാൻഡിൽ സംവിധാനം ഇല്ല എന്ന് സിഡ്കോയെ അറിയിച്ചിരുന്നതായി ഫയലിൽ കാണുകയുണ്ടായി. ഹാൻഡിൽ പിടിപ്പിച്ചെങ്കിലും പലതും വിട്ടു പോയ നിലയിലാണ്. ക്വാളിറ്റി ഇല്ലാത്ത ഹാൻഡിലാണ് പിടിപ്പിച്ചത് എന്ന് പരിശോധനയിൽ കാണുകയുണ്ടായി. ലോക്ക് സംവിധാനം ഘടിപ്പിച്ചിട്ടില്ല. മുഴുവൻ തുകയും സിഡ്കോയ്ക്ക് കൈമാറിയിട്ടുണ്ട്. ഈ വിഷയത്തിൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

# 3-22 <u>നിരാക്ഷേപ /വിനിയോഗ സാക്ഷ്യപത്രം ഇല്ല.</u>

1.സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം നൽകൽ

പദ്ധതി നമ്പർ-183/16

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

ഡി.ഡി. നമ്പർ-709393/7.1.16

സാമൂഹ്യ സുരക്ഷാമിഷന് വിഹിതമായി 3,46,731/-രൂപ നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

2.വിവാഹ ധനസഹായം (എസ്.സി.)

പദ്ധതി നമ്പർ-44/16
ഡിഡി നമ്പർ-710624/19.2.16
നിർവ്വഹണ ഉദ്യോഗസ്ഥൻ- അസി.സെക്രട്ടറി

എസ് സി വിവാഹ ധനസഹായ പദ്ധതി പ്രകാരം ശ്രീമതി.നിർമ്മല ശശിധരന് (കുടിലിപ്പുരക്കൽ വീട്, കൈപ്പമംഗലം) ധനസഹായം ആയി 50000/-രൂ നൽകി. എന്നാൽ വിവാഹത്തിന് പട്ടികജാതി വികസന വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.ആയതിനാൽ ചെലവ് തുക തടസ്സത്തിൽ വക്കുന്നു.

3. ഐ.എ.വൈ വിഹിതം നൽകൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ- അസി.സെക്രട്ടറി

പദ്ധതി നമ്പർ-36/16 (പുതിയത്) & 122/16 (സ്പിൽ ഓവർ)

ബിൽ നമ്പർ – 9/15-16/22.12.15-3,90,000/-

4/15-16, 29.9.15 – 97500/-

15/15-16, 22.1.16 – 32500/-

ഐ.എ.വൈ. വിഹിതം മതിലകം ബ്ലോക്കിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ആയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. (5,20,000/-രൂപ).

# 3-23 ബാലസഭാ സംഗമം-രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ SO 149/16 ബാലസഭാ സംഗമം എന്ന പദ്ധതിയുടെ ഭാഗമായി 4/5/15 മുതൽ 21/5/15 വരെ പഞ്ചായത്തിന്റെ പ്രിയദർശിനി ഹാളിൽ വേനലവധി പഠനക്യാമ്പ് നടത്തിയതിന് ഡി.ഡി. നമ്പർ 250758 തിയതി 18.9.2016 പ്രകാരം 50,000/-രൂപ സി.ഡി.എസിന് നൽകിയിട്ടുണ്ട്. സ്പോക്കൺ ഇംഗ്ലീഷ് ഗ്രാമർ ക്ലാസ്, യോഗ, ഡ്രോയിംഗ് പരിശീലനം, ഡാൻസ്, ശാസ്ത്രപരിചയം, വ്യക്തിത്വ പരിശീലനം, ഭക്ഷണം എന്നീയിനങ്ങൾക്കായി തുക ചെലവഴിച്ചതായി കാണുന്നു. എന്നാൽ ക്യാമ്പ് നടത്തിയതിന്റെ ഫോട്ടോ, ഡോക്യുമെന്റേഷൻ ഡീറ്റെയിൽസ്, പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

# 3-24 ടി.എച്ച്.ആർ.എസ്.ഭക്ഷ്യധാന്യ വിതരണം-

## അംഗൻവാടിയുടെ സ്റ്റോക്ക് രജിസ്റ്ററുമായി പൊരുത്തപ്പെടാത്തത് സംബന്ധിച്ച്.

1) ഗ്രാമപഞ്ചായത്തിന്റെ ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ കൈവശമുള്ള ടി.എച്ച്.ആർ.എസ്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 2015 ആഗസ്റ്റ് മാസത്തിൽ 1122 കി.ഗ്രാം ഭക്ഷ്യമിശ്രിതം വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ അംഗൻവാടി നമ്പർ 55ന് 45കി.ഗ്രാം ഭക്ഷ്യമിശ്രിതം നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അംഗൻവാടിയുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 30കി.ഗ്രാം മാത്രമേ സ്റ്റോക്കിലെടുത്തതായി രേഖപ്പെടുത്തി കാണുന്നുള്ളൂ. ഈ വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കേണ്ടതും വ്യത്യാസമുള്ള 15 കിലോഗ്രാം ഭക്ഷ്യ ധാന്യത്തിന്റെ വിലയായ @64 x 15=960 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം.5/25.10.16)

2) ഭക്ഷ്യ ധാന്യ വിതരണം – സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ യഥാർത്ഥ ബില്ലുകൾ പൂർണ്ണമായി പരിശോധനയ്ക്ക് ലഭ്യമാക്കാത്തത്.

പൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും വാങ്ങുന്ന ഭക്ഷ്യധാന്യങ്ങളുടെ താഴെ പറയുന്ന ബില്ലുകൾ ഓഡിറ്റ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

| ബിൽ നമ്പർ/ തിയതി | തുക | |
|---|---|---|
| 1516637/4.3.16 | 15639 | ഭക്ഷ്യധാന്യം, പയർവർഗ്ഗങ്ങൾ, വെളിച്ചെണ്ണ, etc. |
| 1516936/11.3.16 | 145478 | ,, |
| 1517592/26.3.16 | 26574 | ,, |
| 15913/29.7.15 | സ്റ്റോക്ക് രജിസ്റ്ററിൽ വില രേഖപ്പെടുത്തിയിട്ടില്ല. (ബിൽ നം.4/15-16) | അരി |
| 15319/7.5.15 | ,, | അരി |

(ഓഡിറ്റ് എൻക്വയറി നം.5/25.10.16) ബില്ലുകൾ പരിശോധനയ്ക്കായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

# 3-25 ജാഗ്രതാ സമിതികളുടെ പ്രവർത്തനം

## കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കണം.

സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുണ്ടാകുന്ന അതിക്രമങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനും ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ലക്ഷ്യമിട്ട് വാർഡ് തലത്തിൽ രൂപീകരിക്കുന്ന ജാഗ്രതാ സമിതികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും ശരിയായ ദിശാ ബോധം നൽകുന്നതിനുമായി ജാഗ്രതാ സമിതിയുടെ ഒരു ഓഫീസ് പഞ്ചായത്ത് കോംപൗണ്ടിൽ സ്ഥിതി ചെയ്യുന്നുണ്ട്. ജാഗ്രതാ സമിതിയുടെ ഓഫീസിലേക്ക് ഫർണീച്ചർ വാങ്ങുന്നതിനുള്ള പ്രോജക്ടുകൾ നടപ്പാക്കുന്നുവെന്നല്ലാതെ ജാഗ്രതാ സമിതി പ്രവർത്തിക്കുന്നതായി കാണുന്നില്ല. വാർഡ് തലത്തിൽ ജാഗ്രതാ സമിതികൾ രൂപീകരിച്ചതിന്റേയോ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തുന്നതിന്റേയോ വിവരങ്ങൾ ലഭ്യമല്ല. സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കണം.

## 3-26 അംഗൻവാടികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കണം-ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെയുള്ള 33 അംഗൻവാടികളിൽ 28 എണ്ണത്തിന് സ്വന്തമായി കെട്ടിടമുണ്ട്. അംഗൻവാടി നമ്പർ 43, 142, 150 എന്നിവ നിലവിൽ വാടക കെട്ടിടത്തിലും, 31-ാം നമ്പർ അംഗൻവാടി 2-ാം വാർഡിലെ ഗ്ലോബൽ സാംസ്കാരിക നിലയത്തിലും, 39-ാം നമ്പർ അംഗൻവാടി GMLP സ്കൂളിന്റെ ഒരു ക്ലാസ് മുറിയിലുമാണ് പ്രവർത്തിക്കുന്നത്. അംഗൻവാടികളുടെ ഭൗതിക സാഹചര്യങ്ങൾ സംബന്ധിച്ച് പരിശോധന നടത്തിയതിൽ നിന്നും 31-ാം നമ്പർ അംഗൻവാടിക്ക് സ്വന്തമായി ടോയ് ലറ്റ് സൗകര്യം, കുടിവെള്ള കണക്ഷൻ, ചുറ്റുമതിൽ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലായെന്ന് കണ്ടു. സാംസ്കാരിക നിലയം നിർമ്മിച്ചു നൽകിയ പരിമിതമായ സൗകര്യങ്ങൾ ഉള്ള കെട്ടിടത്തിൽ നിലവിൽ 12 കുട്ടികളാണ് ഉള്ളത്. GMLP സ്കൂളിൽ പ്രവർത്തിക്കുന്ന 9-ാം നമ്പർ അംഗൻവാടി ഒരു ക്ലാസ് മുറിയിലാണ് പ്രവർത്തിക്കുന്നത്. അടുക്കളയ്ക്ക് പ്രത്യേക മുറി ഇല്ലാത്തതിനാൽ പാചക വാതകം ഉപയോഗിച്ച് ഭക്ഷണം പാകം ചെയ്യുന്നതും കുട്ടികൾ പഠിക്കുന്നതും പെരുമാറുന്നതും ഒരേ മുറിയിലാണ്. ചെറിയ ഒരു അശ്രദ്ധ പോലും വലിയ അപകടങ്ങൾക്ക് കാരണമാകും എന്നത് ഗൗരവമായി വീക്ഷിക്കേണ്ടതാണ്. ചുറ്റുമതിൽ, ഗേറ്റ് എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഉള്ള 56-ാം നമ്പർ അംഗൻവാടിയിൽ മഴക്കാലത്ത് ടോയ് ലറ്റ് ഉപയോഗിക്കാൻ സാധിക്കാത്ത അവസ്ഥയുണ്ട്. മാത്രമല്ല മഴവെള്ളം ചുമരിലൂടെ ഊർന്നിറങ്ങുന്നതുമൂലം ചുമരിൽ നിന്നും ഷോക്ക് ഏൽക്കുന്ന സ്ഥിതിവിശേഷമുണ്ട്. അംഗൻവാടി നമ്പർ 40ൽ നിലവിൽ 28 കുട്ടികൾ ഉണ്ട്. ഇത്രയും കുട്ടികൾക്ക് പഠിക്കുന്നതിനാവശ്യമായ സ്ഥലസൗകര്യം നിലവിൽ അംഗൻവാടിയിൽ ഇല്ല. പൊതുവിൽ 10 അംഗൻവാടികൾക്ക് ചുറ്റുമതിൽ, 4 അംഗൻവാടിക്ക് കുടിവെള്ള കണക്ഷൻ, മുഴുവൻ അംഗൻവാടികൾക്കും ഔട്ട് ഡോർ ടോയ്സ് എന്നിവ ഇല്ല.

വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് ആവശ്യമായ ഭൂമി കണ്ടെത്തി കെട്ടിടം നിർമ്മിച്ച് നൽകുന്നതിനും പരിമിതമായ സൗകര്യങ്ങൾ ഉള്ള അംഗൻവാടികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ഇക്കാര്യത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-27 കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികൾ- നടത്തിപ്പിലെ അപാകതകൾ

കൃഷി ഓഫീസർ 2015-16 വർഷത്തിൽ നടപ്പാക്കിയ വിവിധ പദ്ധതികളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) സമഗ്രകൃഷിവികസനം

സമഗ്ര കാർഷിക വികസന പദ്ധതി (S013/16) നടത്തിപ്പിനായി ടെണ്ടർ ക്ഷണിച്ചതിനുസരിച്ച് റെയ്ഡ്കോയിൽ നിന്ന് കപ്പലണ്ടി പിണ്ണാക്ക്, ഷാജൻ ലൈം ഇൻഡസ്ട്രീസിൽ നിന്ന് കുമ്മായം എന്നിവ വാങ്ങുന്നതിനും ഫാക്റ്റിൽ നിന്ന് ഓർഗാനിക് പ്ലസ് എന്നിവ വാങ്ങുന്നതിനും 7.1.16 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. സമഗ്ര കാർഷിക വികസന പദ്ധതി പ്രകാരം 24,30,000/- രൂപയും, പച്ചക്കറി വികസനത്തിന് 48375 രൂപയും അടക്കം ആകെ 2478375/- രൂപ കൈപ്പമംഗലം സർവ്വീസ് സഹകരണബാങ്കിന് വളം വിതരണം നടത്തിയ ഇനത്തിൽ കൃഷി ഓഫീസർ നൽകിയിട്ടുണ്ട്. കിലോഗ്രാമിന് 50 പൈസ നിരക്കിൽ ബാങ്ക് ഹാൻഡിലിംഗ് ചാർജ്ജ് ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കിയിട്ടുണ്ട്. വളം വിതരണം നടത്തുന്നതിന് സഹകരണ ബാങ്കിനെ ചുമതലപ്പെടുത്തിയതിന്റെ ഭരണ സമിതി തീരുമാനം ലഭ്യമല്ല. ഇക്കാര്യത്തിൽ ബാങ്കുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. 14.1.16ന് റെയ്ഡ്കോയുമായി ഉണ്ടാക്കിയ കരാർ വ്യവസ്ഥ 4 പ്രകാരം വിതരണം ചെയ്യുന്ന കപ്പലണ്ടി പിണ്ണാക്കിന്റെ VAT ബിൽ ലഭ്യമാക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. പർച്ചേയ്സ് നടത്തിയ വളത്തിന്റെ യഥാർത്ഥ ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. വളം വിതരണം ചെയ്ത മറ്റു സ്ഥാപനങ്ങളുമായി ഉണ്ടാക്കിയ കരാർ ഉണ്ടാക്കിയിട്ടില്ല. വിതരണം ചെയ്ത വളത്തിന്റെ ഫീൽഡ് സാമ്പിളുകൾ പരിശോധന നടത്തിയതിന്റെ വിവരങ്ങൾ, പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെ റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല. മേൽ വിവരങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

2) കേടുവന്ന തെങ്ങ് മുറിച്ചു മാറ്റൽ

പ്രോജക്ട് (SO 15/16) പ്രകാരം കാറ്റുവീഴ്ച ബാധിച്ച തെങ്ങുകൾ വെട്ടി മാറ്റുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. സമഗ്ര ഉത്പാദന വർധന ലക്ഷ്യമിടുന്ന പ്രോജക്ടുകളാണ് ഉത്പാദന മേഖലയിലുൾപ്പെടുത്തേണ്ടത് എന്നിരിക്കെ തെങ്ങ് വെട്ടി മാറ്റുന്നതിന് മാത്രമായി പ്രോജക്ട് തയ്യാറാക്കാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. (വെട്ടിമാറ്റുന്ന തെങ്ങുകൾക്ക് പകരമായി പുതിയ തൈകൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നിർദ്ദേശം പ്രോജക്ടിലുൾപ്പെട്ടിട്ടില്ല.)

നടപ്പാക്കിയ പ്രോജക്ടുകളിൽ മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ, ഡോക്യുമെന്റേഷൻ രേഖകൾ, ഭൗതിക നേട്ട റിപ്പോർട്ട്, ബന്ധപ്പെട്ട കമ്മിറ്റി തീരുമാനങ്ങൾ എന്നിവ ഫയലിൽ കാണുന്നില്ല. ആയത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-28 കാർഷിക യന്ത്രവൽക്കരണം.-പദ്ധതി ലക്ഷ്യം നേടിയില്ല.

കാർഷിക യന്ത്രവത്ക്കരണപദ്ധതിയുടെ (SO 48/16) ഭാഗമായി രണ്ട് ടില്ലറുകൾ കൈപ്പമംഗലം ഫെഡറേഷൻ ഓഫ് കോക്കനട്ട് പ്രൊഡ്യൂസേർസ് സൊസൈറ്റിക്ക് വാങ്ങി നൽകിയതിന് ഡി.ഡി.നമ്പർ 713208 തി.30.3.16 പ്രകാരം തുക കാംകോയ്ക്ക് നൽകിയിട്ടുണ്ട്. ടില്ലറുകൾ 7.6.16 ന് കൈപ്പറ്റിയതായി രസീത് കാണുന്നുണ്ട്. രജിസ്റ്റർ ചെയ്ത സംഘങ്ങൾക്ക് കാർഷിക യന്ത്രങ്ങൾ വാങ്ങി നൽകാമെന്ന പദ്ധതി മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിലാണ് ടില്ലറുകൾ വാങ്ങി നൽകിയത്. 28.10.2016ന് നടത്തിയ ഭൗതിക പരിശോധനയിൽ യന്ത്രങ്ങൾ വെയിലും മഴയും ഏൽക്കാതെ സൂക്ഷിക്കുന്നതിന് സൊസൈറ്റി സംവിധാനങ്ങൾ ഒന്നും ഏർപ്പെടുത്തിയിട്ടില്ല എന്നു കണ്ടു. കൈമാറിക്കിട്ടിയ യന്ത്രങ്ങൾ ഒരെണ്ണം പ്രസിഡണ്ടിന്റേയും ഒരെണ്ണം ട്രഷററുടെയും വീട്ടിൽ സൂക്ഷിച്ചിട്ടുണ്ട്. ഫെഡറേഷന് സ്വന്തമായി ഓഫീസ് സംവിധാനമോ, നിലവിൽ നാളികേര വികസന ബോർഡിന്റെ രജിസ്ട്രേഷനോ ഇല്ല. യന്ത്രങ്ങൾ കൈപ്പറ്റിയ ശേഷം TSR/CA/87/2016 dated 31.8.16 നമ്പറായി ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് പ്രകാരം ഫെഡറേഷൻ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ നിന്നും രജിസ്ട്രേഷൻ പോലും ഇല്ലാത്ത ഫെഡറേഷനാണ് യന്ത്രങ്ങൾ വാങ്ങിനൽകിയത് എന്നു കാണുന്നു. ഇത് പദ്ധതി രേഖാ മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനമാണ്. ഫെഡറേഷനിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോക്കനട്ട് ഫാർമേഴ്സ് സൊസൈറ്റികളുടെ വിവരം ലഭ്യമല്ല. യന്ത്രങ്ങൾ ഉപയോഗിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ടെങ്കിലും ഫെഡറേഷൻ ഭാരവാഹികളുൾപ്പെടെ ആകെ 4 കർഷകർ മാത്രമാണ് യന്ത്രം ഇതുവരെ ഉപയോഗിച്ചതായി കാണുന്നത്. പഞ്ചായത്ത് പരിധിയിൽ കാർഷികോത്പ്പാദനം മെച്ചപ്പെടുത്തുന്നതിനും കർഷകർക്ക് ഗുണകരമായ രീതിയിൽ നാളികേര ഉത്പ്പാദക സംഘങ്ങൾക്ക് കുറഞ്ഞ ചെലവിൽ ടില്ലറുകൾ ലഭ്യമാക്കുന്നതിനും ഉദ്ദേശിച്ചാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നതെങ്കിലും പ്രവർത്തനക്ഷമമാണെന്ന് തെളിയിക്കാൻ കഴിയാത്ത സംഘങ്ങൾക്ക് ഉപകരണങ്ങൾ വാങ്ങി നൽകുക വഴി ഉദ്ദേശിച്ച ലക്ഷ്യം നേടുന്നതിന് സാധിക്കുന്നില്ല. സംയുക്ത പ്രോജക്ടിന്റെ ഭാഗമായി വാങ്ങിയ ടില്ലർ കർഷകർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ ഉപയോഗിക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതും കരാർ വ്യവസ്ഥകൾ പ്രകാരം യന്ത്രം പരിപാലിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ ആവശ്യമായ മോണിറ്ററിംഗ് ഉറപ്പുവരുത്തണം.




## 3-29 മരാമത്ത് പണികളുടെ ബില്ലിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല

1) G.O.(P) NO 84/97/PW&T തിയ്യതി 19-8-1997 പ്രകാരം സെലക്ഷൻ നോട്ടീസ് നല്കി 20 ദിവസത്തിനുള്ളിൽ കരാറുകാരന് സ്ഥാപനവുമായി കരാറിൽ ഏർപ്പെടുവാൻ കഴിഞ്ഞില്ലെങ്കിൽ PAC യുടെ 1% തുക പിഴ ഈടാക്കികൊണ്ട് അടുത്ത 10 ദിവസത്തിനുള്ളിൽ കരാർ ചമയ്ക്കുവാൻ അനുവദിക്കാവുന്നതാണ് എന്നാൽ ഇത്തരത്തിൽ കരാറിൽ ഏർപ്പെട്ടപ്പോൾ പിഴ ഈടാക്കാത്തതിനാൽ 15,000/-രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | മരാമത്ത്പണി/ കോൺട്രാക്ടറുടെ പേര് | എസ്റ്റിമേറ്റ് തുക/കരാർ തുക | സെലക്ഷൻ നോട്ടീസ് തിയ്യതി | കരാർ തിയ്യതി | പിഴ 1% | കുറിപ്പ് |
|---|---|---|---|---|---|---|
| 1 | പനമ്പികുന്ന് കാളമുറി ലിങ്ക് റോഡ് | 500000 | 28-1-16 | 25-2-16 | 5000 | 20.2% കുറവ് ബിൽ 30/15-16 |

| | | | | | | |
|---|---|---|---|---|---|---|
| | രാജീവ്. വി.ഡി. | | | | | = 390000 |
| 2 | നെഹ്റുറോഡ് ബാക്കി ഭാഗം &സൈഡ് കെട്ടൽ ഇ.എൻ.ഉണ്ണികൃഷ്ണൻ | 300000 | 20-8-15 | 13-11-15 | 3000 | എസ്റ്റിമേറ്റ് റേറ്റ് ബിൽ27/15-16 =300000 |
| 3 | അംഗനവാടികളുടെ അറ്റകുറ്റപ്പണി ഇ.എൻ.ഉണ്ണികൃഷ്ണൻ | 200000 | 20-8-15 | 13-11-15 | 2000 | എസ്റ്റിമ്റ്റ് റേറ്റ് ബിൽ46/1516 = 100000 ബിൽ41/15-16 =88000/- |
| 4 | ഹോമിയോ ആശുപത്രി കെട്ടിടം അറ്റകുറ്റപ്പണി സന്തോഷ്.എം.ഡി. | 200000 | 20-8-15 | 15-9-16 | 2000 | എസ്റ്റിമേറ്റ് റേറ്റ് ബിൽ 39/15-16 =199800 |
| 5 | 10-ാംവാർഡ് പനമ്പികുന്ന് ഈസ്റ്റ് പൂച്ചപ്പാലം കാനനിർമ്മാണം ഇ.എൻ.ഉണ്ണികൃഷ്ണൻ | 300000 | 20-8-15 | 13-11-15 | 3000 | എസ്റ്റിമേറ്റ് റേറ്റ് ബിൽ 30/15-16 =299806 |
| | ആകെ | | | | 15000 | |

2) G.O.(P) NO 84/97/PW&T തിയ്യതി 19-8-1997 പ്രകാരം കരാറുകാരന് കരാർ അനുസരിച്ച് അനുവദനീയമായ സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തികരിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ, കാലതാമസം കോൺട്രാക്ടറുടേതായ കാരണത്താൽ അല്ലെങ്കിൽ കരാർ കാലയളവിന്റെ 20% സമയം ഗ്രേസ് പിരീഡായി അനുവദിക്കാവുന്നതാണ്. ഇത് കഴിഞ്ഞുള്ള കാലതാമസത്തിന് കരാർ തുകയുടെ 1% വും തുടർന്നുവരുന്ന 3 മാസങ്ങൾക്ക് 2% വീതവും പിഴ ഈടാക്കാണ്ടതാണ്. ഇത്തരത്തിൽ പിഴ ഈടാക്കാത്തതിനാൽ ഓഡിറ്റ് വർഷത്തിൽ 16,909/-രൂപ നഷ്ടമുണ്ടായിട്ടുണ്ട്. ഇത് ബന്ധപ്പെട്ടവരിൽ നിന്ന് തിരിച്ചു പിടിക്കേണ്ടതാണ് .

| ക്രമ നം | മരാമത്ത് പണിയുടെ പേര്, കോൺട്രാക്ടർ | എസ്റ്റിമേറ്റ്/ കരാർ തുക | സെലക്ഷൻ നോട്ടിസ്/ കരാർ തിയ്യതി | കരാർ കാലാവധി/ പണിപൂർത്തിയായ തിയ്യതി | കരാർ പ്രകാരമുള്ള തിയ്യതി/ അധികമുപ | പിഴ APACയുടെ 1% | കുറിപ്പ് |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | യോഗിച്ച സമയം | | |
| 1 | ഹോമിയോ ആശുപത്രി കെട്ടിടം അറ്റകുറ്റപ്പണി (SO) VDരാജീവ് | 350000/ 349650 | ഹാജരാക്കിയിട്ടില്ല/ 24-1-15 | 5മാസം 20-8-15 | 23-6-15 58 ദിവസം | 3496 | 0.1%കുറവ് ബിൽ8/15-16 =349519 |
| 2 | ഗവ.ഫിഷറിസ് LPS അറ്റകുറ്റപ്പണി K.K.രാധാകൃഷ്ണൻ | 450000/ 449910 | ഹാജരാക്കിയിട്ടില്ല/ 20-1-15 | 5മാസം 20-7-15 | 19-6-15 31 ദിവസം | 4499 | 0.1%കുറവ് ബിൽ9/ 15-16 =499080 |
| 3 | ഫില്ലിംഗ് & സോളിംഗ് ചാപ്പക്കടവ് റോഡ് പ്രഭാകരൻ.K.R. | 400000/ 391600 | 20-8-15/ 9-9-15 | 5മാസം 17-3-16 | 44ദിവസം 8-2-16 | 3916 | 2.1%കുറവ് ബിൽ 8/15-16 319221 |
| 4 | ഡ്രെയിൻ & റിട്ടാറിംഗ് – GMLPS റോഡ് V.D. രാജീവ് | 200000/ 199800 | 20-8-15 10-9-15 | 5മാസം 23-3-16 | 19-1-16 47ദിവസം | 1998 | 0.1%കുറവ് ചെക്ക് 5962038 =199800 |
| 5 | നരിക്കുഴി റോഡ് സൈഡ്കെട്ടൽ പ്രഭാകരൻ.K.R | 300000/ 300000 | 20-8-15 9-9-15 | 5മാസം 22-3-16 | 8-2-16 43ദിവസം | 3000 | എസ്റ്റിമേറ്റ് റേറ്റ് ബിൽ 27/15-16 =300000 |
| | ആകെ | | | | | 16909 | |

# 3-30 എസ്.എസ്.എ വിഹിതം നൽകൽ -അപാകതകൾ

2015-16 വർഷത്തിൽ എസ്.എസ്.എ. വിഹിതം നൽകൽ പദ്ധതിയുടെ ഭാഗമായി ബിൽ നം 1/2015-16 പ്രകാരം 2014-15 വർഷത്തേക്കുള്ള 56,275/-രൂപയും 2015-16 വർഷത്തേക്കുള്ള 5,96,994/- രൂപയുമടക്കം 6,53,269/-രൂപ നൽകിയിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട താഴെ പറയുന്ന കാര്യങ്ങളിൽ വിശദീകരണം നൽകേണ്ടതാണ്.

1) G.O.(m.s) 362/2013 ത.സ്വ.ഭ.വ തിയ്യതി 16-11-2013 പ്രകാരം സർക്കാർ നിശ്ചയിക്കുന്നത് പ്രകാരമുള്ള തുക ഗ്രാമപഞ്ചായത്ത് എസ്.എസ്.എ. പ്രോജക്റ്റിനുവേണ്ടി വകയിരുത്തേണ്ടതുണ്ട്. എസ്.എസ്.എയുടേയും വിദ്യാഭ്യാസ പ്രവർത്തന കമ്മിറ്റിയുടേയും പങ്കാളിത്തത്തോടെയാണ്

പ്രോജക്കുകൾ തയ്യാറാക്കേണ്ടത്. എന്നാൽ പരിശോധനക്കായി ഹാജരാക്കിയ പദ്ധതി പ്രകാരം പദ്ധതിയുടെ ഉദ്ദേശ്യം, ലക്ഷ്യങ്ങൾ, പ്രവർത്തന രീതി, പദ്ധതി നടത്തിപ്പിൽ പാലിക്കേണ്ട കാര്യങ്ങൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല. അംഗീകാരത്തിനും നടത്തിപ്പിനുമായി തയ്യാറാക്കുന്ന പദ്ധതി രേഖയിൽ അനിവാര്യമായ കാര്യങ്ങൾക്കൂടി ഒഴിവാക്കുന്ന രീതി ശരിയല്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

2) എസ്.എസ്.എയുടെ ജില്ലാ പ്രോജക്ട് ഓഫീസർ 27-5-2016ൽ സമർപ്പിച്ച വിനിയോഗ സാക്ഷ്യപത്രം പ്രകാരം 2015-16ലെ ആകെ ചെലവ് 11,69,076/- ആണ്. ഇത് പ്രകാരം ചെലവിന്റെ 35% തുകയായ 4,09,177/- രൂപയ്ക്ക് മാത്രമെ എസ്.എസ്.എക്ക് അർഹതയുള്ളൂ. ഈയിനത്തിൽ അധികം നല്കിയ തുകയായ 1,87,817/-രൂപ അടുത്ത വർഷത്തെ പദ്ധതി വിഹിതത്തിൽനിന്ന് കുറവ് വരുത്തേണ്ടതാണ്.

3) 2014-15 വർഷത്തെ വിനിയോഗ സാക്ഷ്യപത്രവും വരവ് ചെലവ് കണക്കുകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

# 3-31 അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളുടെ പരിശോധനയിൽ കണ്ട പൊതു അപാകതകൾ

2015-16 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തുന്നതിന് ഉദ്ദേശിച്ച് ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച 99 പദ്ധതികൾ ഉണ്ടായിരുന്നതിൽ 81പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്കായി 3,83,22,802/- രൂപ വകയരുത്തിയതിൽ 31-3-2016 വരെ 1,84,29,590/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതികളുടെ പരിശോധനയിൽ കണ്ട പൊതു അപാകതകൾ താഴെ കൊടുക്കുന്നു.

1.ഫയൽ സൂക്ഷിപ്പിലെ അപാകത

ഫയലിൽ നിന്ന് എന്തെങ്കിലും രേഖകൾ നഷ്ടപ്പെട്ടാൽ/എടുത്തുമാറ്റിയാൽ അറിയാനോ/കണ്ടുപിടിക്കുവാനൊ കഴിയാത്ത രീതിയിലാണ് നിലവിലുള്ള ഫയൽ സൂക്ഷിപ്പ് രീതി. ഇത് ശരിയായ നടപടിക്രമമല്ല. ഫയൽ പേജുകളിൽ നമ്പരിട്ട് സൂക്ഷിക്കുന്ന സംവിധാനം അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്.

2.രേഖകൾ ഫയലിൽ സൂക്ഷിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല

ഫയലുകളിൽ സൂക്ഷിച്ചിരിക്കുന്ന പല രേഖകളിലും കൃത്യമായ വിവരങ്ങളും തിയ്യതികളും രേഖപെടുത്തുന്നില്ല. കരാറുകാരുടെ KVAT രജിസ്ട്രേഷൻ വിവരങ്ങൾ, വാറ്റ് കോമ്പൗണ്ട് ചെയ്ത സാക്ഷ്യപത്രം, പഞ്ചായത്ത് കമ്മിറ്റി പ്രവൃത്തി അംഗീകരിച്ച തീരുമാനം, എത്ര EMD എത്ര SD അടവാക്കി എന്നിവയൊന്നും കൃത്യമായി ഫയലിൽ സൂക്ഷിക്കുന്നില്ല. ടെണ്ടർ ലഭിച്ച കഴിഞ്ഞതിന് ശേഷം ടെണ്ടർ പ്രകാരമുള്ള നിരക്കുകളുടെ ടാബുലേഷൻ ഷീറ്റ് ഫയലിനോടൊപ്പം സൂക്ഷിക്കുന്നില്ല.

3.പ്രവൃത്തികളുടെ തുടർ പ്രവർത്തനങ്ങൾ ഒന്നും ഫയലിൽ രേഖപ്പെടുത്തിന്നില്ല.

പഞ്ചായത്തുകളുമായും കോൺട്രാക്ടർ, ഗുണഭോക്തൃ സമിതി എന്നിവയുമായുള്ള കത്തിടപാടുകൾ

മറ്റ് തുടർ പ്രവർത്തനങ്ങളുടെ വിവരങ്ങൾ ഒന്നും ഫയലിൽ സൂക്ഷിക്കുന്നില്ല. അതിനാൽ തുടർച്ചയില്ലാത്ത രീതിയിലാണ് നിലവിലെ ഫയൽ സൂക്ഷിപ്പ് സംവിധാനം. ഫയലിനോടൊപ്പം നോട്ട് ഫയൽ സൂക്ഷിക്കുന്ന സംവിധാനം നടപ്പിലാക്കിയാൽ ഇത് പരിഹരിക്കാവുന്നതാണ്.

4.പദ്ധതികളുടെ വിശദാംശങ്ങളൊന്നും പ്രോജക്ട് റിപ്പോർട്ടിൽ രേഖപെടുത്തുന്നില്ല.

പദ്ധതികളുടെ വിശദാംശങ്ങളൊന്നും ഓഡിറ്റ് വർഷത്തിൽ പരിശോധിച്ച പ്രോജക്ട് റിപ്പോർട്ടുകളിൽ രേഖപെടുത്തിയിട്ടില്ല. ഇത് അതീവ ഗുരുതരമായ കൃത്യവിലോപമാണ്

5. 2015-16ൽ DPC അംഗീകാരം ലഭിച്ച 99 പ്രോജക്ടുകളിൽ 18 എണ്ണം ഓഡിറ്റ് വർഷത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല മാത്രമല്ല വകയിരുത്തിയ 3,83,22,802/-രൂപയിൽ 1,98,93,212/-രൂപ ഓഡിറ്റ് വർഷത്തിൽ ചെലവഴിച്ചിട്ടില്ല. എന്തുകൊണ്ടാണ് ഇത്ര വലിയ തുക ചെലവഴിക്കുവാൻ കഴിയാതിരുന്ന സാഹചര്യമുണ്ടായതെന്ന് വിശദീകരിക്കേണ്ടതാണ്. വകയിരുത്തിയ തുകയിൽ 52% ചെലവഴിക്കുവാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണെന്ന് ബന്ധപ്പെട്ടവർ പരിശോധിച്ച് ഭാവിയിൽ ഉണ്ടാകാതെ നോക്കേണ്ടതാണ്.

## 3-32 ആസ്തികളുടെ പരിപാലനത്തിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.പി.എച്ച്.സി. കെട്ടിടം

1-1) 27-10-2016ൽ പ്രാദേശിക പരിശോധനനടത്തിയപ്പോൾ PHCലെ കെട്ടിടങ്ങളുടെ പരിപാലനം ശരിയായ രീതിയിൽ നടക്കുന്നില്ലായെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഒരേക്കർ വിസ്തൃതിയിൽ ഉള്ള ഒരു കോമ്പൗണ്ടിലാണ് PHC സ്ഥിതിചെയ്യുന്നത് 1800 sqft-ൽ അധികമുള്ള 4 കെട്ടിടങ്ങൾ ആശുപത്രിയുടെ ഉപയോഗത്തിനായുണ്ട്. ഇതിൽ ഒരു കെട്ടിടം ഒഴികെ മറ്റു 3 കെട്ടിടങ്ങൾ ഉപയോഗമില്ലാതെ കിടക്കുകയാണ്. 2 പ്രോജക്ടുകളിലായി 7ലക്ഷം രൂപ ചെലവഴിച്ച് പുതുക്കിയ കെട്ടിടങ്ങൾ യാതൊരു ഉപയോഗവുമില്ലാതെ വെറുതെ ഇട്ടിരിക്കുന്നത് പഞ്ചായത്ത് കമ്മിറ്റി പരിശോധിച്ച് ഉചിതമായ നടപടി കൈകൊള്ളേണ്ടതാണ്.







1-2) TV ഉൾപ്പെടെയുള്ള നിരവധി ഉപകരണങ്ങൾ അടച്ചിട്ട മുറികളിൽ ഉപയോഗിക്കാതെ സൂക്ഷിച്ചതായി കാണുന്നു. ഇവ നശിച്ചുപോകാതെ ഉപയോഗിക്കുവാനുള്ള അടിയന്തിര നടപടികൾ കൈകൊള്ളേണ്ടതാണ്.

1-3) വളരെ വൃത്തിഹീനമായ രീതിയിലാണ് അറ്റകുറ്റപ്പണികഴിഞ്ഞ കെട്ടിടങ്ങൾ ഇപ്പോൾ സൂക്ഷിച്ചിരിക്കുന്നത്. മതിയായ സ്റ്റാഫ് ഉണ്ടായിട്ടും കെട്ടിടങ്ങൾ അടിച്ചുവാരി വൃത്തിയായി സൂക്ഷിക്കാതിരിക്കുന്നതും ഉപകരണങ്ങൾ ശരിയായ രീതിയിൽ ഉപയോഗിക്കാതിരിക്കുന്നതും ആശുപത്രി മാനേജ്മെന്റ് സംവിധാനത്തിന്റെ ദൗർബല്യമാണ്. അധികാരികളുടെ ഭാഗത്ത് നിന്നും അടിയന്തിര നടപടികൾ ഉണ്ടാകേണ്ടതാണ്.









1-4) നിലവിൽ 100ൽ താഴെ ആളുകളാണ് ഈ ആശുപത്രിയിൽ ചികിത്സ തേടി പ്രതിദിനം എത്തുന്നത്. ഒഴിഞ്ഞു കിടക്കുന്ന 3 കെട്ടിടങ്ങളിൽ 1 ൽ കിടത്തി ചികിത്സക്കാവശ്യമായ എല്ലാ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. എന്നാൽ നിലവിൽ ഇതിന് അനുമതിയില്ലാത്തതിനാൽ വെറുതെയിട്ടിരിക്കുകയാണ്. സാധാരണക്കാരുടെ ആശ്രയമായ ഒരു തീരദേശ ആശുപത്രി എന്ന നിലയിൽ ആവശ്യമായ നടപടികൾ അടിയന്തിരമായി കൈകൊള്ളേണ്ടതാണ്.




2.തുടർ പദ്ധതി ആസൂത്രണം ചെയ്യാത്തതിനാൽ വാങ്ങിയ ആസ്തികൾ നിഷ്ക്രിയമായി കിടക്കുന്നു.

2014-15 വർഷത്തിൽ അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ എന്ന പദ്ധതി (പദ്ധതി നമ്പർ-34/14-15 അടങ്കൽ – 361422/-രൂ) പ്രകാരം 130 സ്റ്റീൽ മേശകളും പ്ലാസ്റ്റിക്ക് കസേരകളും ആർട്ടിസാൻസ് കോർപ്പറേഷനിൽ നിന്ന് വാങ്ങിയിരുന്നു. എന്നാൽ 111 എണ്ണം മാത്രമേ വിതരണം നടത്തിയിരുന്നുള്ളൂ. ബാക്കി 19 എണ്ണം പഞ്ചായത്ത് വക രാജീവ് ഗാന്ധി ഹാളിൽ സൂക്ഷിച്ചിരിക്കുന്നതായി 2015-16 ഓഡിറ്റ് വേളയിൽ നടത്തിയ സ്ഥലപരിശോധനയിൽ കാണുകയുണ്ടായി. 2015-16 സാമ്പത്തിക വർഷം തുടർ പദ്ധതികൾ ആവിഷ്കരിക്കാതിരുന്നതിനാൽ ഇവ നിലവിൽ നിഷ്ക്രിയ ആസ്തികളായി തുടരുകയാണ്.





# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| BLOCK PANCHAYATH, | 2015-16 | 201850 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 201850 | 0 |
| DISTRICT PANCHAYATH | 2015-16 | 195000 | ,, | 195000 | 0 |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | സ.ഉ.(എം.എസ്) നം. 943/2012/ എൽ.എസ്.ജി.ഡി തി. 29.3.2012 | 9555737 | *5438230 | 837255 | - | 4600975 |

*2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ വർഷാവസാന നീക്കിയിരുപ്പായി 52,98,230/- രൂപയാണ് കാണിച്ചിട്ടുള്ളത്. യഥാർത്ഥത്തിൽ ടി വർഷത്തിൽ വായ്പായിനത്തിൽ വരവുള്ള 1,40,000/- രൂപ കൂടി ഉൾപ്പെടുത്തുമ്പോൾ തൻ വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുക 54,38,230/- രൂപയാണ്.

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6. ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 43643134 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 61100836 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 57869 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1657426 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-17 | | 25000 | റെജി പോൾ, അസി സെക്രട്ടറി |
| 3-24 | | 960 | വി.എൻ.ഗീത, ഐസിഡിഎസ് സൂപ്പർവൈസർ |
| 3-29(1) | | 15000 | ഇക്ബാൽ. പി.എ. അസി. എൻജിനീയർ |
| 3-29(2) | | 16909 | ഇക്ബാൽ. പി.എ., അസി. എൻജിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | |
|---|---|---|---|
| 3-1 | 36725 | രാമദാസ്. കെ.എസ്., സെക്രട്ടറി, | 25920 |
| | | ഷാഹുൽ ഹമീദ്, സെക്രട്ടറി | 10805 |
| 3-7 | 304280 | അനിൽകുമാർ, ഫിഷറീസ് സബ് ഇൻസ്പെക്ടർ | |
| 3-10 | 32750 | ഡോ. സിൽവൻ, വെറ്ററിനറി സർജൻ | |
| 3-15 | 400000 | ശ്രീമതി. റെജി പോൾ, അസി സെക്രട്ടറി | |
| 3-18 | 25000 | ശ്രീമതി. റെജി പോൾ, അസി സെക്രട്ടറി | |
| 3-19 | 204000 | ശ്രീമതി. റെജി പോൾ, അസി സെക്രട്ടറി | |
| 3-22(1) | 346731 | ഷാഹുൽ ഹമീദ്, സെക്രട്ടറി | |
| 3-22(2) | 50000 | ശ്രീമതി. റെജി പോൾ,അസി സെക്രട്ടറി | |
| 3-22(3) | 520000 | ശ്രീമതി. റെജി പോൾ, അസി സെക്രട്ടറി | |

| | | |
|---|---|---|
| 3-23 | 50000 | ശ്രീമതി. ഗീത. വി.എൻ., ഐസിഡിഎസ് സൂപ്പർവൈസർ |
| ആകെ | 1657426 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| റെജി പോൾ, അസി സെക്രട്ടറി | അസിസെക്രട്ടറി, പുത്തൻചിറ ഗ്രാമപഞ്ചായത്ത് | ചിറ്റിലപ്പിള്ളി, തൊമ്മാന പി.ഒ.അവിട്ടത്തൂർ |
| ഗീത.വി.എൻ, ഐസിഡിഎസ് സൂപ്പർവൈസർ | ഐസിഡിഎസ് സൂപ്പർവൈസർ, കൈപ്പമംഗലം ഗ്രാമപഞ്ചായത്ത് | തിയ്യത്തുപറമ്പിൽ, പൊഞ്ഞനം. പി.ഒ. |
| ഇക്ബാൽ. പി.എ., അസി.എൻജിനീയർ | അസി.എൻജിനീയർ, കൈപ്പമംഗലം ഗ്രാമപഞ്ചായത്ത് | പുതിയവീട്ടിൽ (H), കിഴപ്പിള്ളിക്കര.പി.ഒ., തൃശ്ശൂർ ജില്ല |

# 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1976-77 | എൽഎഫ് ടി21-922/96/1.7.96 |
| 77-78 | എൽഎഫ് ടി11-868/80/23.6.80 |
| 80-81 | എൽഎഫ് ടി11-3013/83/13.1.84 |
| 83-84 | എൽഎഫ് ടി11-529/88/14.9.88 |
| 84-85 | എൽഎഫ് ടി11-140/89/30.9.88 |
| 85-86,86-87 | എൽഎഫ് ടി11-508/1991/29.7.91 |
| 88-89,89-90 | എൽഎഫ് ടി11-197/93/17.11.94 |

| | |
|---|---|
| 90-91 | എൽഎഫ് ടി11-1672/94/30.3.95 |
| 91-92,93-94 | എൽഎഫ് ടി11-825/95/31.5.96 |
| 1994-95 | എൽഎഫ ടി19-2/01/5.3.01/3.4.01 |
| 1996-97 | എൽഎഫ് ടി19-759/1998/3.10.98 |
| 97-98ചെലവ് | എൽഎഫ് ടി19-1011/99/23.9.99 |
| 98-99ചെലവ് | എൽഎഫ് ടി19-1040/00/28.10.00 |
| 99-00,00-01,01-02 | എൽഎഫ് ടി12-1092/03/7.1.04 |
| 95-96 ജനകീയാസൂത്രണം | എൽഎഫ് ടി12-1432/07/7.1.08 |
| 97-98വരവ് | എൽഎഫ് ടി12-1433/07/7.1.08 |
| 98-99വരവ് | എൽഎഫ് ടി-12-1434/07/7.1.08 |
| 99-00 | എൽഎഫ് ടി12-1435/07/7.1.08 |
| 00-01 | എൽഎഫ് ടി12-1472/07/7.11.08 |
| 01-02 | എൽഎഫ് ടി12-648/08/20.7.09 |
| 02-03 | എൽഎഫ് ടി12-649/08/20.7.09 |
| 03-04 | എൽഎഫ് ടി12-190/09/26.5.10 |
| 04-05 | എൽഎഫ് ടി12-282/09/20.8.10 |
| 05-06 | എൽഎഫ് ടി12-1598/09/20.1.11 |
| 06-07 | എൽഎഫ് ടി12-1599/09/20.1.11 |
| 07-08 | എൽഎഫ് ടി.13-1311/11 തി. 24.11.11 |
| 08-09 | എൽഎഫ് ടിപി3-1312/12/10.10.11 |
| 09-10,10-11 | എൽഎഫ് ടിപി3-29/13/25.3.13 |
| 2011-12 | എൽഎഫ് ടിപി3-1404/13/15.1.14 |
| 2012-13 | എൽഎഫ് ടിപി3-1246/13/10.11.14 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.പി3-79/16/ 28.1.16/15.3.16. |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.(പി3)920/16, തിയ്യതി 20.06.16/12.07.16 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## <u>അനുബന്ധം - 1</u>

No. KSA-TSR/P3/1939/16

Kerala State Audit Department

District Audit Office, Thrissur

PIN- 680 020 Phone: 0487 2331249

E-mail:dotsr.ksad@kerala.gov.in

Dated: 22.11.2016

AUDIT CERTIFICATE

Certified that I have audited the Annaual Fianacial Statement of kaipamangalam Gramapanchayat in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements of kaipamangalam Grama Panchcyat for the year 2015-16 except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office,

Thrissur.

കെ.എസ്.എ-ടി.എസ്.ആർ.(പി3)1939/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ - 680 020

ഫോൺ- 0487 2331249

e-mail: dotsr.ksad@kerala.gov.in

തീയതി: 22.11.2016

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ്

സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ